# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.114.** **08.02.2013 – ലെ മറുപടിക്ക്.**

## പന്ത്രണ്ടാം ക്ലാസ്സിലെ പൊതുപരീക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>,, സി. മമ്മൂട്ടി<br>,, പി.കെ. ബഷീർ<br>,, എം. ഉമ്മർ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2014 മുതൽ പന്ത്രണ്ടാം ക്ലാസിൽ സയൻസിനും കണക്കിനും പൊതുപരീക്ഷ നടത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) നിലവിൽ ഹയർ സെക്കന്ററി രണ്ടാം വർഷത്തിൽ സയൻസിനും കണക്കിനും പൊതുപരീക്ഷ ആണ് നടത്തിവരുന്നത്. ഇതിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ബി) പൊതുപരീക്ഷ കൊണ്ട് സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കുമെന്ന് കരുതുന്ന നേട്ടങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെയും പഠനനിലവാരം, ഏകീകൃതവും സമയക്ലിപ്തവുമായ ഒരു സംവിധാനത്തിലൂടെ 'ഇവാലുവേറ്റ്' ചെയ്യുക എന്നതാണ്, പൊതുപരീക്ഷാ നടത്തിപ്പിലൂടെ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സിലബസിൽ പഠിച്ചുവരുന്ന കുട്ടികളുടെ നിലവാരത്തെ പൊതുപരീക്ഷ ഏതു വിധത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; അവരുടെ പഠന നിലവാരം ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ കാലേകൂട്ടി നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. എന്നാൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി അദ്ധ്യാപക പരിശീലന പരിപാടികൾ,ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**